(സി) ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുവാൻ ചുമതലയുള്ള ഉദ്യോഗസ്ഥർ ആരാണെന്നും അവർ വീഴ്ച കൂടാതെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നു എന്ന് ഉറപ്പാക്കുവാനും എന്തു സംവിധാനമാണ് ഉള്ളതെന്നും അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊഴിലാളികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്ന സ്രോതസ്സുകൾക്ക് വാട്ടർ അനലറ്റിക്കൽ ലബോറട്ടറിയുടെ പരിശോധന റിപ്പോർട്ടും ഹെൽത്ത് ഇൻസ്പെക്ടറുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റും വാങ്ങിയശേഷമാണ് പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ അംഗീകാരം നൽകുന്നത്. അംഗീകാരം ലഭിച്ചിട്ടില്ലാത്ത കുടിവെള്ള സ്രോതസ്സുകൾക്ക് അംഗീകാരം ലഭിക്കുന്നതിന് വേണ്ട നടപടികളെടുക്കാൻ തൊഴിലുടമകൾക്ക് ആവശ്യമായ ഉത്തരവുകൾ ഇൻസ്പെക്ടർമാർ യഥാകാലങ്ങളിൽ പരിശോധന ഉത്തരവുകൾ മുഖാന്തിരം നല്കി വരുന്നു.

(സി) തോട്ടം തൊഴിലാളി നിയമപ്രകാരം തൊഴിലാളികൾക്ക് കുടിവെള്ളം ലഭ്യമാക്കുന്ന വിഷയം തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പ്ലാന്റേഷൻ ഇൻസ്പെക്ടറേറ്റിലെ ഉദ്യോഗസ്ഥന്മാരായ ചീഫ് പ്ലാന്റേഷൻ ഇൻസ്പെക്ടറും 10 പ്ലാന്റേഷൻ ഇൻസ്പെക്ടർമാരും നോക്കി വരുന്നു. ഈ ഉദ്യോഗസ്ഥന്മാർ തോട്ടം പരിശോധനാ വേളകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിൽ എന്തെങ്കിലും അപാകതകൾ ഉണ്ടോ എന്ന് പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു.

ആൾ കേരളാ ആർട്ടിസ്റ്റ് ആന്റ് പെയിന്റേഴ്സ് അസോസിയേഷൻ നൽകിയ നിവേദനം

142 (2054) ശ്രീ. എ. അലി ഹസ്സൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആൾ കേരളാ ആർട്ടിസ്റ്റ്സ് ആന്റ് പെയിന്റേഴ്സ് അസോസിയേഷൻ നൽകിയിട്ടുള്ള നിവേദനം പരിഗണിച്ചിട്ടുണ്ടോ ;

(ബി) നിവേദനത്തിൽ ആവശ്യപ്പെട്ടപോലെ ഇവർക്ക് ക്ഷേമനിധി ഏർപ്പെടുത്താനും 60 വയസ്സ് തികഞ്ഞ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് പെൻഷൻ നൽകാനും നടപടി സ്വീകരിക്കുമോ .;

(സി) പെയിന്റേഴ്സിന്റെ മിനിമം കൂലി പ്രതിദിനം 175 രൂപയായി നിശ്ചയിക്കുന്നതിന് ഉത്തരവുണ്ടാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പെയിന്റേഴ്സിന് അലർജി സംബന്ധമായി ഉണ്ടാകുന്ന അസുഖങ്ങൾക്ക് സൗജന്യമായി ടെസ്റ്റ് നടത്തി ചികിത്സാ സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സ്വതന്ത്ര പെയിന്റേഴ്സ് ആന്റ് ആർട്ടിസ്റ്റ് തൊഴിലാളി യൂണിയൻ, കേരള ആർട്സ് ആന്റ് പബ്ലിസിറ്റി അസോസിയേഷൻ എന്നീ യൂണിയനുകളുടെ നിവേദനം പരിഗണിച്ചിട്ടുണ്ട്.

(ബി) ഈ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിന്റെ പിരിധിയിൽപ്പെടുന്നവരാണ്. പ്രസ്തുത നിയമത്തിന്റെ പട്ടിക-1ൽ പെയിന്റർമാരെ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ബന്ധപ്പെട്ട ക്ഷേമനിധി നിയമത്തിലെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് അവർ അർഹരാണ്.

(സി) തല്ക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്താൽ ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

കൊല്ലം ജില്ലയിൽ ഇ. എസ്. ഐ. ആശുപത്രികളിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 ന്റെ നിയമനം

143 (2055) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ ഇ. എസ്. ഐ. ആശുപത്രിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഈ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായുള്ള റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ് ;

(സി) പി. എസ്. സി. ലിസ്റ്റ് നിലവിൽവന്നശേഷവും ജില്ലയിലെ ഏതാനും ഇ.എസ്.ഐ. ആശുപത്രികളിൽ എപ്ലോയ്മെന്റ് മുഖാന്തിരം നിയമിച്ച ആളുകളെ തുടരാൻ അനുവദിച്ച് പി. എസ്. സി. ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിക്കുന്നത് സംബന്ധിച്ച് കൊല്ലം ജില്ലാ ഇ.എസ്.ഐ. ഫാർമസിസ്റ്റ് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷന്റെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പി. എസ്. സി. ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ എപ്ലോയ്മെന്റ് നിയമനം അവസാനിപ്പിച്ച് റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമന ശുപാർശ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly